# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 298

28.01.2019-ൽ മറുപടിയ്ക്ക്

### കണ്ണിയമ്പുറം, കടമ്പഴിപ്പുറം എന്നീ ആയുർവേദ ആശുപത്രികൾ

| ചോദ്യം<br>ശ്രീ. പി. ഉണ്ണി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം കണ്ണിയമ്പുറം, കടമ്പഴിപ്പുറം എന്നീ ആയുർവേദ ആശുപത്രികൾ അപ് ഗ്രേഡ് ചെയ്ത് 30 കിടക്കകളോട്ടുകൂടിയ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള പ്രപ്പോസൽ എന്നാണ് ലഭിച്ചത്; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നല്കാമോ; | (എ) | ഒറ്റപ്പാലം കണ്ണിയംപുറം സർക്കാർ ആയുർവേദ ആശുപത്രി അപ് ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ 27.03.2017 ൽ സർക്കാരിൽ ലഭിച്ചു. ടി ആശുപത്രിക്ക് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് ശ്രീ. പി. ഉണ്ണി എം.എൽ.എ.യുടെ 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 24.05.2017 ലെ സ.ഉ. (സാധാ)നം. 203/2017/ആയുഷ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>കടമ്പഴിപ്പുറം ആയുർവേദ ആശുപത്രി അപ് ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ 06.03.2018 ൽ സർക്കാരിൽ ലഭിച്ചു. ടി പ്രൊപ്പോസൽ പരിശോധിച്ച് പുന:സമർപ്പിക്കുന്നതിന് 19.09.2018 ലെ എ 1/276/2018/ആയുഷ് നം. കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആയുർവേദ ആശുപത്രികൾ അപ് ഗ്രേഡ് ചെയ്തു; വിശദാംശം നൽകാമോ? | (ബി) | ഒന്ന്,<br>സർക്കാർ ആയുർവേദ ആശുപത്രി എടക്കര, മലപ്പുറം. |

സെക്ഷൻ ഓഫീസർ